പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6340

08.07.2014 - ൽ
മറുപടിയ്ക്ക്

# എ.ആർ സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറയം ഗോപകുമാർ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) കേരള പോലീസിൽ ഇക്കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പുതിയതായി എത്ര ഡിപിഒ കൾ നിലവിൽ വന്നുവെന്നും ആയതിലേക്ക് പുതിയതായി എത്ര എ. ആർ സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടുവെന്നും ജില്ല തിരിച്ച് അറിയിക്കുമോ ;<br>(ബി) പ്രസ്തുത തസ്തികകൾ പിഎസ്‌സി യിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ ; | (എ) യും (ബി) യും<br>രണ്ട് ഡിസ്ട്രിക്ട് പോലീസ് ഓഫീസുകൾ നിലവിൽ വന്നിട്ടുണ്ട്.<br>ആയതിലേക്ക് റിസർവ്വ് സബ് ഇൻസ്പെക്ടർ തസ്തികകളൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല. |
| (സി) ആറുമാസത്തിലധികമായി ദീർഘകാല അവധിയിൽ പ്രവേശിച്ചിരിക്കുന്ന എത്ര എ.ആർ സബ് ഇൻസ്പെക്ടർമാർ നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലാ ആംഡ് റിസർവ്വുകളിലുമായിട്ടുണ്ടെന്ന് അറിയിക്കുമോ ; | (സി) രണ്ട് റിസർവ്വ് സബ് ഇൻസ്പെക്ടർമാരുണ്ട്. |
| (ഡി) ഇത്തരം ദീർഘകാലാവധി വിവരങ്ങൾ കെപിഎസ്‌സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുണ്ടോ ;<br>(ഇ) എങ്കിൽ ആയത് പ്രകാരം ഇത്തരം അവധി വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലായെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ;<br>(എഫ്) ആറ് മാസത്തിലധികമായി മറ്റ് യൂണിറ്റുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിലവിൽ എത്ര എ.ആർ സബ് ഇൻസ്പെക്ടർമാർ ജോലി നോക്കിവരുന്നു എന്നറിയിക്കാമോ ; ആയത് കെപിഎസ്‌സി യിൽ പൂർണ്ണമായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലായെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (ഡി) യും (ഇ) യും (എഫ്) ഉം<br>ഉണ്ട്. ദീർഘകാല അവധിയിൽ പോയ ആൾ ഡയറക്ട് റിക്രൂട്ട്മെന്റ് ആണെങ്കിൽ മാത്രമേ ആ ഒഴിവ് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുള്ളൂ. ഇതിനായി എ.ആർ ലോക്കൽ ഇന്റഗ്രേഷന് ശേഷം റിസർവ്വ് സബ് ഇൻസ്പെക്ടർ തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ എണ്ണം ബന്ധപ്പെട്ട റേഞ്ച് ഐ.ജി മാരിൽ നിന്നും ശേഖരിച്ചു വരികയാണ്. ഇത് ലഭ്യമായാലുടൻ തന്നെ ഡയറക്ട് റിക്രൂട്ട്മെന്റിന് അനുവദനീയമായ ഒഴിവുകളുടെ എണ്ണം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. ഇപ്രകാരം ആറു മാസത്തിലധികമായി മറ്റ് യൂണിറ്റുകളിൽ 12 റിസർവ്വ് സബ് ഇൻസ്പെക്ടർമാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കി വരുന്നുണ്ട്. |

(ജി) സംസ്ഥാനത്ത് ഡിസ്ട്രിക്ട് ആംഡ് റിസർവ്വ് സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ ആയതിന്റെ കാലാവധി എന്നവസാനിക്കുമെന്ന് അറിയിക്കാമോ ;

(ജി) ഉണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി 10.09.2016 -ൽ അവസാനിക്കുന്നതാണ്.

(എച്ച്) ഒഴിവുകൾ യഥാസമയം പിഎസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത കാരണത്താൽ പ്രസ്തുത ലിസ്റ്റിലുള്ള നിയമനം യഥാസമയം സാദ്ധ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

(എച്ച്) ഇല്ല. ഒഴിവുകളെല്ലാം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ